# മദർ തേരസേ!

എൽസി യോഹന്നാൻ ശങ്കരത്തിൽ, ന്യൂയോർക്ക്

രാഷ്ട്രാതിർത്തികൾ മായ്ച് കാരുണ്യ വാരാശിയായ്
നിസ്തുല സ്നേഹത്താലഗതികൾക്കാശ്വാസമായ്
ദ്വാദശ സഹസ്രാബ്ദപ്പൊരുളാ,യുദയമായ്
നിശ്ശബ്ദം പൊലിഞ്ഞോരഭൗമ തേജോഗോളം!
സെപ്റ്റമ്പർ തൊണ്ണൂറ്റേഴിന്നാദ്യത്തെ വെള്ളിയാഴ്ച
സേവനസംശുദ്ധയാം ആ താരമസ്തമിച്ചു:
മാനവകുലത്തിന്റെ മനംകവർന്നോരമ്മ
ഔന്നത്യകീർത്തിയിലും ലാളിത്യ ദിവ്യത്വമായ്
വൃണിതചിത്തങ്ങളിൽ ആശ്വാസത്തെളിനീരായ്
വ്യഥിതർക്കനാഥർക്കു ജീവജലധാരയായ്
സാന്ത്വനസ്വനമായി പതിതർക്കാലംബമായ്
മർത്യസേവനത്തിന്റെ മോഹനവിഗ്രഹമായ്
പുഴുപോൽ ജീർണ്ണിച്ചോരഗതികൾക്കാലംബമായ്
അഴുക്കുചാലുകളിൽ സ്നേഹനീർ വിസ്മയമായ്
ലാളിത്യം, സഹിഷ്ണത, നിസ്വാർത്ഥ സേവവ്യഗ്ര,
പ്രാർത്ഥനാ, കർമ്മശുദ്ധ്യാ ഭൂവിലെ ദേവതയായ്
വിദ്വേഷങ്ങൾക്കു മദ്ധ്യേ വിശ്വാസപ്രതീകമായ്
വള്ളിച്ചെരിപ്പും രണ്ടു കോട്ടൺസാരിയും സ്വത്തായ്
വിനയത്തിൻ മൂർത്തിമത്ഭാവമാം കന്യാരത്നം
മനുഷ്യ വ്യക്തിത്വത്തെ മാനിച്ച പ്രവാചക,
ഇൻഡ്യതൻ മൂന്നാം നോബൽസമ്മാന ജേത്രിതാൻ
ഇൻഡ്യയിൽ പടർന്നോരാ യുഗോസ്ലാവ്യൻ കന്യാസ്ത്രീ .
അന്ത്യശ്വാസം വരെയും അനാഥർക്കത്താണിയായ്
അക്ഷീണം യത്നിച്ചോ രൈഹികമാം വിസ്മയം താൻ
കുഷ്ഠത്താൽ വികൃതമാം ജീവച്ഛവങ്ങളെ ത്തൻ
നഗ്നക്കൈത്താരിൽ വാരിപ്പുണർന്നൈശ്വര ജ്യോതിസ്സ്
യശസ്വിയായീശ്വര സന്നിധി പൂകിയോരാ
വിശുദ്ധയാം വെള്ളരിപ്രാവാം ദേവതേ! തേർസേ!
ആദിവ്യ ജ്യോതിർനന്മ നീട്ടിയ തിരിനാളം
പൃഥ്വിയിൽ ത്തെളിക്കുവാൻ ഞങ്ങൾക്കു കഴിഞ്ഞെങ്കിൽ!!
ആ ത്യാഗ സംശുദ്ധതൻ ജന്മശതാബ്ദിയിൽ നാം
ആ ദിവ്യ മന്ത്രധ്വനി ഭൂവിതിൽ മുഴക്കിടാം!

. . . . . . . .

1997 സെപ്റ്റമ്പർ 5 ന് പൊലിഞ്ഞുപോയ അനശ്വര സ്ത്രീരത്നം മദർ തെരേസ യ്ക്ക് അർപ്പിച്ച പ്രണാമം. ഹ്യൂസ്റ്റൺ മലയാളി സുവനീറിൽ 2003 ൽ പ്രസിദ്ധീകരിച്ചു. EY.